"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി 30.09.2024

# "സ്ഥലം ഏറ്റെടുക്കലിൽ അഴിമതി നടത്തിയ റവന്യൂ ഉദ്യോഗസ്ഥരെ കഠിന തടവിന് ശിക്ഷിച്ചു."

2004-2006 കാലഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ കേശവദാസപുരം-പട്ടം ഹൈവേ വികസനത്തിൽ വ്യാജ രേഖ ചമച്ച് 12,60,910/- രൂപ വെട്ടിച്ചതിന് അന്നത്തെ നാഷണൽ ഹൈവേ ഭൂമി ഏറ്റെടുക്കൽ തഹസീൽദാറായിരുന്ന ദിവാകരൻ പിള്ളയെയും കവടിയാർ വില്ലേജ് അസിസ്റ്റന്റായിരുന്ന എസ്. രാജഗോപാലിനെയും തിരുവനന്തപുരം വിജിലൻസ് കോടതി ഇന്ന് (30/09/2024) കഠിന തടവിന് ശിക്ഷിച്ചു.

കേശവദാസപുരം-പട്ടം ഭാഗത്ത് ഹൈവേ വികസനത്തിനായി സൗജന്യമായി വിട്ടുനൽകിയ ഭൂമി വസ്തു ഉടമകൾ അറിയാതെ മറ്റൊരു സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണെന്ന് തഹസീൽദാറായിരുന്ന ഒന്നാം പ്രതി ദിവാകരൻ പിള്ള കവടിയാർ വില്ലേജ് അസിസ്റ്റന്റായിരുന്ന എസ്. രാജഗോപാൽ എന്നിവർ ചേർന്ന് ഗൂഢാലോചന നടത്തി വ്യാജ രേഖ ചമച്ച് 12,60,910/- രൂപ വെട്ടിച്ചതിലേക്ക് തിരുവനന്തപുരം വിജിലൻസ് യൂണിറ്റ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം നൽകിയ കേസ്സിലാണ് ഒന്നാം പ്രതിയായ സ്പെഷ്യൽ തഹസിൽദാറായിരുന്ന ദിവാകരൻ പിള്ളയെ വിവിധ വകുപ്പുകളിലായി 12 വർഷം കഠിന തടവിനും 2,35,000/-രൂപ പിഴ ഒടുക്കുന്നതിനും മൂന്നാം പ്രതിയായ വില്ലേജ് അസിസ്റ്റന്റ് എസ്. രാജഗോപാലിനെ വിവിധ വകുപ്പുകളിലായി 6 വർഷം കഠിന തടവിനും 1,35,000/-രൂപ പിഴ ഒടുക്കുന്നതിനും തിരുവനന്തപുരം വിജിലൻസ് കോടതി ഇന്ന് (30/09/2024) ശിക്ഷിച്ചത്. ഒന്നാം പ്രതിയെ റിമാന്റ് ചെയ്ത് ജയിലിലടച്ചു.

തിരുവനന്തപുരം വിജിലൻസ് യൂണിറ്റ് മുൻ ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. രാജേന്ദ്രൻ രജിസ്റ്റർ ചെയ്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ. ഉജ്ജ്വൽ കുമാർ അന്വേഷണം നടത്തി, മുൻ ഡി.വൈ.എസ്.പി യും നിലവിലെ

ഇന്റലിജൻസ് വിഭാഗം പോലീസ് സൂപ്രണ്ടുമായ ശ്രീ. ആർ. മഹേഷ് ഐ.പി.എസ് കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതികളെ കുറ്റക്കാരാണെന്ന് കണ്ടെത്തി ഇന്ന് ശിക്ഷ വിധിച്ചത്. പ്രോസിക്യൂഷനു വേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീമതി. വീണാ സതീശൻ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.